പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : T *303

13.07.2015-ൽ മറുപടിക്ക്.

## കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി പി അയിഷാ പോറ്റി | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

(എ) കോടതികളിൽ വർഷങ്ങളായി കേസ്സുകൾ തീർപ്പാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) നീതി വൈകുന്നത് മൂലമുണ്ടാകാവുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

: (എ)യും (ബി)യും) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതികളിൽ കേസ് തീർപ്പാക്കുന്നതിനു ഒഴിച്ചുകൂടാനാകാത്ത കാലതാമസം, കൂടാതെ വർദ്ധിച്ചുവരുന്ന വ്യവഹാരങ്ങളുടെ എണ്ണവും കേസുകൾ തീർപ്പാകാതെ കിടക്കുന്നതിനു കാരണമാണ്. കെട്ടികിടക്കുന്ന കേസുകൾ ധ്രുതഗതിയിൽ തീർപ്പാക്കുന്നതിനും പൊതുജനങ്ങൾക്ക് ആയതുമൂലം ബുദ്ധിമുട്ടനുഭവിക്കാതിരിക്കാനുമായി ഈ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജുഡീഷ്യറിയുടെ പ്രസക്തി കണക്കിലെടുത്ത് സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തസ്തികകൾ ഉൾപ്പെടെ കോടതികൾ ആരംഭിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

1) താൽക്കാലിക അടിസ്ഥാനത്തിൽ ആരംഭിച്ച 38 അതിവേഗ കോടതികളെ സ്ഥിരം കോടതികളാക്കി.
2) തസ്തികകൾ ഉൾപ്പെടെ 10 കുടുംബകോടതികൾ ആരംഭിച്ചു.
3) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും കുറ്റകൃത്യങ്ങളും സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി എറണാകുളത്ത് പ്രത്യേക കോടതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും കോഴിക്കോടും ആരംഭിക്കുന്നതിനു ഭരണാനുമതിയും തത്വത്തിൽ അനുമതിയും നൽകിയിട്ടുണ്ട്. മുൻഗണനാ ക്രമമനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ഇവയുടെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.
4) പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മഞ്ചേരി, മാനന്തവാടി എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. 06.06.2015

മുതൽ കൊട്ടാരക്കരയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാലക്കാട് കോടതി ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കി ഹൈക്കോടതി ശുപാർശ നൽകുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

5) ഇതുകൂടാതെ വ്യവഹാരികളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും കേസ്സുകൾ ധ്രുതഗതിയിൽ തീർപ്പാക്കുന്നതിനുമായി 13-ാം ധനകാര്യകമ്മീഷന്റെ ധനം വിനിയോഗിച്ച് 27 താൽക്കാലിക ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ ആരംഭിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

6) ഇവ കൂടാതെ എറണാകുളത്ത് തസ്തികകൾ ഉൾപ്പെടെ അഡീഷണൽ സി.ബി.ഐ കോടതിയും ആരംഭിക്കുകയുണ്ടായി.

7) 19.01.2013 ന് ബഹു. ചീഫ് ജസ്റ്റിസുമായി നടന്ന യോഗത്തിലെ തീരുമാനപ്രകാരം മജിസ്ട്രേറ്റ് കോടതികളുടെ സുഗമമായ നടത്തിപ്പിനായി 224 ക്ലാർക്ക് തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.

(സി) വിവിധ തലങ്ങളിൽ അദാലത്തുകളും മറ്റും നടത്തിയാൽ പരിഹരിക്കാൻ കഴിയുന്ന കേസ്സുകൾ വർഷങ്ങളായി കെട്ടികിടക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

: (സി) കീഴ് കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടികിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടു വരുന്നതിനുള്ള നടപടി കൈകൊള്ളാറുമുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി Special list system, unit system, target fixation എന്നീ രീതി നടപ്പിലാക്കി വരുന്നുണ്ട്. കാലപഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ, പാർശ്വവത്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. ഇവയ്ക്ക് പുറമെ KELSA യുടെയും ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകളും സംഘടിപ്പിച്ചു വരുന്നു.

കോടതിയുടെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി വ്യവഹാരികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അയതിന്റെ പുരോഗതി വിലയിരുത്തുന്നതിനും വേണ്ടി ഹൈക്കോടതി ജഡ്ജിമാരടങ്ങിയ രണ്ട് കമ്മിറ്റികൾ ഹൈക്കോടതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഗ്രാമകോടതികൾ സ്ഥാപിക്കുന്നതടക്കം കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; കേസ്സുകൾ തീർപ്പാക്കുന്നത് ത്വരിതപ്പെടുത്താൻ വേണ്ട അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ വീഴ്ച വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

:(ഡി) 01.03.2011 ലെ സ.ഉ (കൈ) നമ്പർ 86/2011/ആഭ്യന്തരം പ്രകാരം 30 ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമന്യായാലയം സ്ഥാപിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഗ്രാമന്യായാലയങ്ങൾ പ്രവർത്തിക്കാനാവശ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് ഹൈക്കോടതി അനുമതിയോടെ ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. 8 സ്ഥലങ്ങളിൽ കെട്ടിടം കണ്ടെത്തുകയും 20.11.2014 ലെ സ.ഉ (സാധാ) നമ്പർ 3016/14/തസ്വഭവ പ്രകാരം ഇവയുടെ കൈവശാവകാശം

ഹൈക്കോടതി രജിസ്ട്രാർക്ക് നൽകുകയുണ്ടായി. തുടർന്ന് 6 സ്ഥലങ്ങളിൽ കൂടി കെട്ടിടം കണ്ടെത്തി തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിക്കുകയും അവയുടെ കൈവശാവകാശം ഹൈക്കോടതി രജിസ്ട്രാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ആവശ്യപ്പെടുകയുണ്ടായി കൈവശാവകാശം ലഭിച്ച കെട്ടിടങ്ങളിൽ കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കി സർക്കാരിനോട് ഹൈക്കോടതി ശുപാർശ ചെയ്യുന്നമുറയ്ക്ക് കോടതിയുടെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. മറ്റ് സ്ഥലങ്ങളിൽ കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് റവന്യൂ/തദ്ദേശസ്വയംഭരണ വകുപ്പിനോട് കെട്ടിടം കണ്ടെത്തി നൽകുവാൻ ആവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്.

Hema.V

സെക്ഷൻ ഓഫീസർ